**കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (FW) യുടെ നടപടിക്രമങ്ങൾ**

വിഷയം:- ആ.വ.ഡ – ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ 16.12.2017 മുതൽ 31.12.2020 വരെയുള്ള കാലയളവിലെ പരിഷ്കരിച്ച താൽക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്-

സൂചന :- ഉത്തരവ് നമ്പർ ഇ. എസ്5-86681/2020/ആ.വ.ഡ, തീയതി. 20.04.2021 പ്രകാരമുള്ള കരട് സീനിയോറിറ്റി പട്ടിക

**ഉത്തരവ് നം. ഇ.എസ്5/86681/2020/ആ.വ.ഡ/തീയതി : 08/11/2021**

ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടിക മേൽ സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത താൽക്കാലിക സീനിയോറിറ്റി പട്ടികയിന്മേൽ മതിയായ സാവകാശം നൽകി അപ്പീലുകൾ സ്വീകരിക്കുകയുണ്ടായി.

ആയതിൻപ്രകാരം സേവനത്തിൽ നിന്നും വിരമിച്ച നിരവധി പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ജീവനക്കാർ ടി പട്ടികയിൽ ഉൾപ്പെടുത്തണം എന്ന ആവശ്യ ഉന്നയിച്ച് അപ്പീലുകൾ സമർപ്പിക്കുകയുണ്ടായി. നിലവിൽ ലഭിച്ച അപ്പീലുകളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ സ്ഥാനക്കയറ്റ വിവരങ്ങൾ പരിശോധിച്ച് 16.12.2017 മുതൽ 31.12.2020 വരെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ആയി സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് (സേവനത്തിൽ നിന്ന് വിരമിച്ചവർ ഉൾപ്പെടെ) അർഹമായ സ്ഥാനം നൽകി ഈ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ 16.12.2017 മുതൽ 31.12.2020 വരെയുള്ള കാലയളവിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ജീവനക്കാരുടെ പരിഷ്കരിച്ച താൽക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. വിശദമായി പട്ടിക ചുവടെ ചേർക്കുന്നു.

പ്രസ്തുത പട്ടികയിന്മേൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ പട്ടിക പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ പരിഷ്കരിച്ച സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ വിവരം എല്ലാ കീഴ്സ്ഥാപനങ്ങളെയും അറിയിക്കേണ്ടതും, ലഭിക്കുന്ന അപ്പീലുകൾ കൃത്യമായ സമയപരിധിക്കുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ് . വൈകി വരുന്ന അപ്പീലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്ന വിവരം അറിയിക്കുന്നു.

**ഒപ്പ്/-**

**ഡോ. പ്രീത. പി. പി**

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (FW)**

പകർപ്പ്

1. **എല്ലാ ജില്ലാ മെഡിക്കൽ ഓഫീസമാർക്കും**
   **(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)**
2. **സൂപ്രണ്ട്, FWA സെക്ഷൻ,**
3. **ഫയൽ/കരുതൽ ഫയൽ**

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്